KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

31-12-2009

**എച്ച്ഐവി ബോധവത്കരണം; ലൈഫ് ബസ്**
**നാലു ജില്ലകളിൽ പര്യടനം നടത്തും**

തിരുവനന്തപുരം: എച്ച്ഐവിയ്ക്കും എയ്ഡ്സിനുമെതിരായ ബോധവത്കരണ ദൗത്യവുമായി ലൈഫ് ബസ് പ്രചരണ പരിപാടി നടത്തുന്നു. വയനാട്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട തുടങ്ങിയ ജില്ലകളുടെ ഗ്രാമാന്തരങ്ങളിലാണ് ലൈഫ് ബസ് പര്യടനം ചെയ്യുന്നത്. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഗ്രാമപ്രദേശങ്ങളിൽ എത്തുന്ന ലൈഫ് ബസ് പ്രചരണ പരിപാടിയോട് അനുബന്ധിച്ചുള്ള സംസ്ഥാനതല ആസൂത്രണ യോഗം നടന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. കെ. ഷൈലജ ഉദ്ഘാടനം ചെയ്തു. എച്ച്ഐവി ബോധവത്കരണം സമൂഹത്തിന്റെ താഴേത്തട്ടിലേക്കും യുവജനങ്ങൾക്കിടയിലേക്കും എത്തിക്കുക എന്നതാണ് ലൈഫ് ബസ് പ്രചരണ പരിപാടിയുടെ മുഖ്യലക്ഷ്യമെന്ന് ഡോ. കെ. ഷൈലജ പറഞ്ഞു. അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി വേലായുധൻ അദ്ധ്യക്ഷനായിരുന്നു.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കലാസംഘങ്ങൾ എച്ച്ഐവിയെക്കുറിച്ച് അവബോധം നൽകുന്ന വിവിധ കലാപരിപാടികൾ നടത്തും. എച്ച്ഐവി പ്രതിരോധം, അണുബാധിതരോടുള്ള മനോഭാവം, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വിവിധ സേവനകേന്ദ്രങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതായിരിക്കും കലാപരിപാടികൾ. നാടൻ കലാരൂപങ്ങൾ, മാജിക്, ബോധവത്കരണ പ്രദർശനങ്ങൾ തുടങ്ങിയവ സഞ്ചരിക്കുന്ന ബസിൽ ഉണ്ടാകും. കൂടാതെ പരിശീലനം ലഭിച്ച പോസിറ്റീവ് സ്പീക്കർമാരുടെ അനുഭവവിവരണവും ഉണ്ടാകും. ജനുവരി - ഫെബ്രുവരി മാസങ്ങളിലാണ് ലൈഫ് ബസ് പര്യടനം നടത്തുന്നത്.

ജില്ലയിലെ ഒരു ബ്ലോക്കിലെ മൂന്ന് പഞ്ചായത്തുകളിൽ ആയിരിക്കും ഒരു ദിവസം ലൈഫ് ബസ് സഞ്ചരിക്കുന്നത്. പ്രചരണ പരിപാടിയിൽ നടപ്പാക്കേണ്ട വിവിധ വിഷയങ്ങളെപ്പറ്റി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ, മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ, പബ്ലിസിറ്റി ആൻഡ് ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് ഡയറക്ടർ ജെ. ഡോമി, എച്ച്.എൽ.എഫ്.പി.പി.ടി മാനേജർ ബേബി പ്രഭാകർ തുടങ്ങിയവർ സംസാരിച്ചു. വിവിധ ജില്ലകളിലെ മെഡിക്കൽ ഓഫീസർമാർ, പ്രത്യാശ കേന്ദ്രം കോ ഓർഡിനേറ്റർമാർ, മാസ് മീഡിയ ഓഫീസർമാർ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർമാർ, എച്ച്.എൽ.എഫ്.പി.പി.ടി പ്രതിനിധികൾ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

കാസർഗോഡ്, പാലക്കാട്, തൃശൂർ, എറണാകുളം എന്നീ ജില്ലകളിൽ 2009 ജനുവരി - ഫെബ്രുവരി മാസങ്ങളിൽ ലൈഫ് ബസ് പര്യടനം നടത്തിയിരുന്നു. 61 ദിവസം കൊണ്ട് 183 കേന്ദ്രങ്ങളിലാണ് ലൈഫ് ബസ് പര്യടനം നടത്തിയത്.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**